(ബി) ഓരോ പഞ്ചായത്തിലുമുള്ള ഭൂമികൾ തിരിച്ചു പഞ്ചായത്തിനു വിട്ടുകൊടുക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ ജോൺ):

(എ) ഉണ്ട്.

(ബി) പഞ്ചായത്തിനു ആവശ്യമുള്ള കുളം പുറംപോക്കു മുതലായ സ്ഥലങ്ങൾ വിട്ടുകൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മലയാള നിഘണ്ടു നിർമ്മാണം.

* 263. [3] ശ്രീ. പി. ഗോപാലൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) മലയാളനിഘണ്ടു നിർമ്മാണത്തിനു് എത്ര തുക ചെലവാക്കിയിട്ടുണ്ട് ;

(ബി) എത്ര ആളുകൾ അതിന്റെ ജോലിയിൽ ഏർപ്പെട്ടിട്ടുണ്ട് ;

(സി) എത്രമാത്രം പ്രവർത്തനം പുരോഗമിച്ചിട്ടുണ്ട് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) എഴുപതിനായിരം രൂപയോളം ചെലവായിട്ടുണ്ട്.

(ബി) 27 ആളുകൾ ഈ ജോലിയിൽ ഏർപ്പെട്ടിട്ടുണ്ട്.

(സി) നിഘണ്ടുനിർമ്മാണത്തിനു് സുചിന്തിതമായ ഒരു പദ്ധതി തയ്യാറാക്കി അതിനുവേണ്ട സ്റ്റാഫിനെ നിയമിച്ചിട്ടുണ്ട്. ഇതുവരെ ഒരു ലക്ഷത്തോളം കാർഡുകളിൽ പദങ്ങളും പ്രയോഗങ്ങളും രേഖപ്പെടുത്തിച്ചിട്ടുണ്ട്. പ്രവർത്തനം തൃപ്തികരമായി പുരോഗമിച്ചുവരുന്നു.

നാഷനൽ എക്സ്റ്റൻഷൻ സർവ്വീസുകൾ.

* 264. [5] ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1956-57 വർഷത്തിൽ എത്ര നാഷനൽ എക്സ്റ്റൻഷൻ സർവ്വീസുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട് ;

(ബി) എവിടെല്ലാം സ്ഥലങ്ങളിലാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതു് ;

(സി) നെടുമങ്ങാട് താലൂക്കിൽ നാഷനൽ എക്സ്റ്റൻഷൻ സർവ്വീസ് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) പുതിയ എൻ. ഇ. എസ്സ്. ബ്ലോക്കുകൾ തുറക്കുന്നതിനുള്ള അനുവാദം പ്ലാനിങ്ങ് കമ്മീഷനിൽനിന്നും ലഭിക്കേണ്ടിയിരിക്കുന്നതിനാൽ, ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല. എങ്കിലും പ്രോഗ്രാമനുസരിച്ചു് 10 ബ്ലോക്കുകൾ കിട്ടുമെന്നുദ്ദേശിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly